കേരള സർക്കാർ

സംഗ്രഹം

ധനകാര്യവകുപ്പ്-ഓഫീസുകളിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കുന്നതിനായി സ്വീപ്പിംഗ് ഏരിയ നിർണ്ണയിക്കുന്നത് സംബന്ധിച്ച് നിലവിലുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ ഭേദഗതികൾ വരുത്തി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (വ്യയം. സി) വകുപ്പ്**

**സ.ഉ(പി) നം. 101/2016/ധന തീയതി, തിരുവനന്തപുരം, 21.07.2016**

പരാമർശം:- 1. ജി.ഒ (പി) നമ്പർ 501/2005/ധന തീയതി 25.11.2005
2. ജി.ഒ.(പി) നമ്പർ 61/2010/ധന തീയതി 09.02.2010.

**ഉത്തരവ്**

പരാമർശം 1,2 സർക്കാർ ഉത്തരവുകൾ പ്രകാരം സർക്കാർ ഓഫീസുകളിൽ പാർട്ട് ടൈം സ്വീപ്പർ തസ്തിക സൃഷ്ടിക്കുന്നതിനായി സ്വീപ്പിങ് ഏരിയ നിർണ്ണയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പരാമർശം 1 പ്രകാരം ഒന്നിലധികം ഓഫീസുകൾ പ്രവർത്തിക്കുന്ന ഓഫീസ് കോംപ്ലക്സുകളിലെ ഓഫീസുകളിൽ ഏര്യ പുനർ നിർണ്ണയിക്കേണ്ടതായി വരുമ്പോൾ വരാന്ത, കാർ പോർച്ച്, സ്റ്റെയർ കേസ്, ടോയലെറ്റ്, കോർട്ട് യാർഡ് തുടങ്ങിയ കോമൺ ഏരിയകൾ ഓഫീസുകളുടെ കാർപ്പറ്റ് ഏര്യയ്ക്ക് ആനുപാതികമായി വിഭജിച്ചാണ് സ്വീപ്പിംഗ് ഏര്യ നിർണ്ണയിച്ച് വരുന്നത്. ഇപ്രകാരം പൊതുവായ സ്ഥലങ്ങൾ ഓരോ ഓഫീസിന്റേയും ഏര്യക്ക് ആനുപാതികമായി വിഭജിച്ച് നൽകുന്നതിനും സ്കെച്ച് തയ്യാറാക്കുന്നതിനും പ്രായോഗിക ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നതായി ബന്ധപ്പെട്ട എഞ്ചിനീയർമാർ പരാതി സമർപ്പിച്ചിരുന്നു.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചീഫ് ടെക്നിക്കൽ എക്സാമിനറുടെ കൂടി നിർദ്ദേശപ്രകാരം പരാമർശം 1-ലെ മാർഗ്ഗ നിർദ്ദേശങ്ങളിൽ താഴെ പറയുന്ന ഭേദഗതികൾ പുറപ്പെടുവിക്കുന്നു.

(i) വരാന്ത/കാർ പോർച്ച്/ സ്റ്റെയർ കേസ്/ ടോയലറ്റ്/ കോർട്ട് യാർഡ് തുടങ്ങിയ കോമൺ ഏരിയകൾ, ടി ഏരിയക്കുള്ളിൽ വ്യക്തമായി തിരിച്ചറിയാൻ കഴിയുന്ന പരിധികൾ നിശ്ചയിച്ച് തൊട്ടടുത്ത ഓഫീസുകളുടെ കാർപ്പെറ്റ് ഏരിയയോട് കൂട്ടിയാണ് ഓഫീസുകളുടെ ആകെ സ്വീപ്പിംഗ് ഏര്യ നിർണ്ണയിക്കേണ്ടത്. ഇപ്രകാരം ഏരിയ നിർണ്ണയിക്കുമ്പോൾ ഓഫീസുകളുടെ കാർപ്പറ്റ് ഏര്യയ്ക്ക് അനുസരിച്ച് ന്യായമായ അനുപാതത്തിലായിരിക്കണം കോമൺ ഏര്യ അനുവദിക്കേണ്ടത്.

(ii) ടോയലറ്റുകളുടെ ശുചിത്വത്തിന്റെ ഉത്തരവാദിത്വം ഉറപ്പാക്കുന്നതിനായി . കോമൺ ടോയലറ്റുകളുടെ ഏരിയ, തൊട്ടടുത്ത ഓഫീസിനോടോ കെട്ടിട ഉടമയായ വകുപ്പിന്റെ ഓഫീസിനോടോ ചേർത്ത് ഏരിയ കണക്കാക്കേണ്ടതും ടോയലെറ്റ് ബ്ലോക്കിനെ ഒരു സിംഗിൾ യൂണിറ്റായി കണക്കാക്കേണ്ടതുമാണ്.

(iii) ഓഫീസുകളിൽ താൽക്കാലിക സംവിധാനങ്ങൾ. പുതിയതായി സൃഷ്ടിച്ചോ വിപുലീകരിച്ചോ സ്വീപ്പിങ് ഏരിയ പുന:നിർണ്ണയിക്കേണ്ട സന്ദർഭങ്ങളിൽ ഇത്തരം സംവിധാനങ്ങളുടെ അനിവാര്യത വ്യക്തമാക്കുന്ന സാക്ഷ്യപത്രം -ബന്ധപ്പെട്ട വകുപ്പിന്റെ ജില്ലാതലത്തിലുള്ള മേധാവിയിൽ കുറയാത്ത റാങ്കിലുള്ള ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയത്-ഉണ്ടെങ്കിൽ മാത്രമേ പൊതുമരാമത്ത് വകുപ്പ് ഇത്തരം സംവിധാനങ്ങൾ സ്വീപ്പിംഗ് ഏരിയയിൽ ഉൾപ്പെടുത്താവൂ.

(iv) മുമ്പ് തീർപ്പാക്കിയ കേസുകൾ, ഒരു കാരണവശാലും ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുന:പരിശോധിക്കേണ്ടതില്ല. എന്നാൽ ഭാവിയിൽ സർക്കാർ ഓഫീസുകളുടെ സ്വീപ്പിംഗ് ഏരിയ നിർണ്ണയിക്കുകയോ പുന: നിർണ്ണയിക്കുകയോ ചെയ്യുമ്പോൾ ഈ ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങൾ കൂടി പാലിക്കുന്നതിന് അതത് ഭരണ വകുപ്പുകൾ / വകുപ്പു തലവൻമാർ ശ്രദ്ധിക്കേണ്ടതാണ്.

3. സ്വീപ്പിഗ് ഏരിയ നിർണ്ണയിക്കുന്നതുമായി ബന്ധപ്പെട്ട പരാമർശം 1 സർക്കാർ ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങളുടെ ബന്ധപ്പെട്ട ഖണ്ഡികകൾ ഇതു പ്രകാരം ഭേദഗതി വരുത്തിയിരിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**
**സാധന എസ്സ്. നായർ**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

1. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ) കേരള, തിരുവനന്തപുരം
4. ഗവർണ്ണറുടെ സെക്രട്ടറി
5. സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും , സെക്ഷനുകൾക്കും
6. എല്ലാ വകുപ്പ് മേധാവികൾക്കും, ഓഫീസ് മേലധികാരികൾക്കും
7. സെക്രട്ടറിയേറ്റിലെ സെക്രട്ടറിമാർ, അഡീഷണൽ സെക്രട്ടറിമാർ, ജോയിന്റ് സെക്രട്ടറിമാർ, ഡെപ്യൂട്ടി സെക്രട്ടറിമാർ, അണ്ടർ സെക്രട്ടറിമാർ
8. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം.
9. രജിസ്ട്രാർ കേരള/കൊച്ചി/ കോഴിക്കോട്/എ.ജി കണ്ണൂർ/സംസ്കൃത സർവ്വകലാശാലകൾ

10. രജിസ്ട്രാർ, കാർഷിക സർവ്വകലാശാല, തൃശ്ശൂർ
11. സെക്രട്ടറി കേരള സംസ്ഥാന വൈദ്യുതി ബോർഡ്, തിരുവനന്തപുരം.
12. ജനറൽ മാനേജർ, കെ.എസ്സ്. ആർ. ടി.സി. തിരുവനന്തപുരം.
13. രജിസ്ട്രാർ, കേരള ഹൈക്കോടതി. എറണാകുളം
14. അഡ്വക്കേറ്റ് ജനറൽ, അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസ്, എറണാകുളം .
15. അഡ്വക്കേറ്റ് ജനറൽ, അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസ്, തിരുവനന്തപുരം.
16. മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ
17. പ്രതിപക്ഷ നേതാവിന്റേയും , ചീഫ് വിപ്പിന്റേയും പ്രൈവറ്റ് സെക്രട്ടറിമാർ
18. ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി
19. ബഹു. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി
20. ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
21. പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ
22. നോഡൽ ഓഫീസർ, ധനകാര്യം www.finance.kerala.gov.in
23. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Indu

അക്കൗണ്ട്സ് ഓഫീസർ